# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 23, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

## കേന്ദ്രസർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിലെ സംസ്ഥാന സർക്കാരിന്റെ വിഹിതം

*751 ശ്രീ. ജെയിംസ് മാത്യു
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിച്ചു കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ഏതെല്ലാം നികുതികളുടെ എത്ര ശതമാനം വീതമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനവിഹിതം എത്ര ശതമാനം വർദ്ധിപ്പിച്ചു കിട്ടുന്നതിനുവേണ്ടിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്; ആവശ്യം പരിഗണിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ

*752 ശ്രീ. എം. ചന്ദ്രൻ
,, ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികളെ പട്ടാപ്പകൽ തട്ടികൊണ്ടു പോകുന്നതും ആക്രമിക്കുന്നതുമായ സംഭവങ്ങൾ തലസ്ഥാനനഗരിയിൽ ഉൾപ്പെടെ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങളുടെ എണ്ണം മറ്റെന്നത്തെക്കാളും ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണവുമായി ബന്ധപ്പെട്ട് നാളിതുവരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം വിശദമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഭൂചലനങ്ങളും പ്രഭവ കേന്ദ്രവും രേഖപ്പെടുത്താനുള്ള സംവിധാനങ്ങൾ</u>

*753 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ.കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂചലനങ്ങളും അവയുടെ പ്രഭവ കേന്ദ്രവും രേഖപ്പെടുത്താനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ഭൂചലനങ്ങൾ ഉണ്ടായതായി രേഖപ്പെടുത്തുകയുണ്ടായി?

(സി) കൂടെക്കൂടെ റിപ്പോർട്ടു ചെയ്യപ്പെടുന്ന ഭൂചലനങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ എന്തെങ്കിലും നിഗമനങ്ങളോ നടപടികളോ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ലോട്ടറി മേഖലയിലെ ഗുണപരമായ മാറ്റങ്ങൾ

*754 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ലോട്ടറി മേഖലയിൽ കൊണ്ടുവന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 'കാരുണ്യ ലോട്ടറി' പോലെ വിധവകൾക്കും അനാഥർക്കും മറ്റ് പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ പുതിയ ലോട്ടറി ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>അന്വേഷണ വിവരങ്ങളും മൊഴികളും മാധ്യമങ്ങൾക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ</u>

*755 ശ്രീ. ആർ. രാജേഷ്
,, എളമരം കരീം
,, കോടിയേരി ബാലകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രത്യേക അന്വേഷണ സംഘങ്ങളിൽ നിന്നും അന്വേഷണ വിവരങ്ങളും മൊഴികളും മാധ്യമങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും പ്രത്യേക അന്വേഷണ സംഘത്തിൽ നിന്നും അന്വേഷണ വിവരങ്ങളോ മൊഴികളോ ഏതെങ്കിലും മാധ്യമ പ്രവർത്തകർക്ക് ഫോൺവഴി ചോർത്തിക്കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അത്തരത്തിലുള്ള ആക്ഷേപങ്ങളോ, പത്രവാർത്തയോ ശ്രദ്ധയിൽപ്പെടുകയുണ്ടായോ: എങ്കിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>സർക്കാർതല തീരുമാനങ്ങൾ നീതി പൂർവ്വമാക്കാൻ നടപടി</u>

*756 ശ്രീ. കെ. എം. ഷാജി.
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയ പ്രശ്നങ്ങളിൽ ഉന്നത ഉദ്യോഗസ്ഥ തലത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ വസ്തുതകൾ പരിശോധിക്കാതെയും, നീതിന്യായ നിയമതത്വങ്ങൾ പാലിക്കാതെയും തീരുമാനങ്ങളെടുക്കുന്നതിൽ അതൃപ്തിയുണ്ടായിട്ടാണ് ബഹുഭൂരിപക്ഷം പേരും കോടതികളെ അഭയം പ്രാപിക്കുന്നതെന്ന കാര്യം ഗൗരവ പൂർവ്വം കാണുമോ;

(ബി) രണ്ടോ മൂന്നോ ആവശ്യങ്ങൾ ഒരപേക്ഷയിലുണ്ടെങ്കിൽ അതിൽ ഒരു ആവശ്യത്തിൽ മാത്രം തീരുമാനമെടുത്ത് വിഷയം അവസാനിപ്പിക്കുന്ന പ്രവണത പലകേസുകളിലും പ്രകടമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർതലത്തിൽ നീതിപൂർവ്വമായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചു കൊണ്ട് കോടതി വ്യവഹാരങ്ങളുടെ ബാഹുല്യം കുറച്ചുകൊണ്ടുവരുന്ന കാര്യത്തിന് പ്രാധാന്യം നൽകുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ആരാധനാലയങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളും മോഷണങ്ങളും

*757 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരാധനാലയങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളും മോഷണങ്ങളും വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷം ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര എണ്ണത്തിന്റെ അന്വേഷണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കോടതികളിലെ അടിസ്ഥാനസൗകര്യങ്ങൾ</u>

*758 ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) വക്കീൽ ഗുമസ്തന്മാർക്ക് ജോലി സ്ഥലവും കക്ഷികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സ്ഥലവും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളുടെപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 'മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം'</u>

*759 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജീവനക്കാർ കൃത്യമായി ഓഫീസിലെത്തുന്നത് ഉറപ്പ് വരുത്തുന്നതിനും ജനങ്ങൾക്ക് ന്യായമായ ആവശ്യങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും താലൂക്ക് തലത്തിൽ ഒരു 'മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം' ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജനങ്ങളുടെ പരാതിയിന്മേൽ ഉടൻ സ്ഥലത്തെത്തി പരിഹാരം കാണുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും, ബോധപൂർവ്വം ആക്ഷേപിക്കാനാണ് പരാതി എങ്കിൽ പരാതിക്കാരന് തക്കതായ ശിക്ഷ നല്കുന്ന തരത്തിലും മൊബൈൽ മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തീരദേശ ജാഗ്രതാ സമിതികൾ</u>

*760 ശ്രീ. ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ജാഗ്രതാ സമിതികൾ എന്ന് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ജാഗ്രതാ സമിതികളുടെ പ്രവർത്തനോദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് പോലീസ് ബീറ്റ് സംവിധാനം</u>

*761 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് പോലീസ് ബീറ്റ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഏതൊക്കെ നഗരങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത് ;

(ഡി) എല്ലാ നഗരങ്ങളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

**കേരള ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ**

*762 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ മത്സ്യമേഖലയുടെ വികസനത്തിന് ഉപയുക്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മത്സ്യകൃഷിയുടെ ശാസ്ത്രീയ വശം അപഗ്രഥിച്ച് പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനായി സർവ്വകലാശാലയിലെ പ്രത്യേക വിഭാഗങ്ങളിലെ വിദഗ്ദ്ധർ പ്രായോഗികതലത്തിലുള്ളവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ;

(ഡി) ഇതിനായി സർവ്വകലാശാലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കാൽനടയാത്രക്കാരുടെ സുരക്ഷ</u>

*763 ശ്രീ. വി. ശശി
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ വിവിധ ട്രാഫിക് അപകടങ്ങളിൽപ്പെട്ട് എത്ര കാൽനടയാത്രക്കാർ മരണമടഞ്ഞു; എത്ര പേർക്ക് പരിക്കേറ്റു;

(ബി) കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്ക് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സംവിധാനങ്ങൾക്കായി ഏതെല്ലാം വകുപ്പുകളുടെ സഹായം തേടിയിട്ടുണ്ട്; ഈ സംവിധാനത്തിന്റെ പുരോഗതി വിലയിരുത്തുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്

*764 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ബി) എത്ര സ്കൂളുകളിൽ ഇത് പ്രവർത്തിച്ചുവരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) എല്ലാ സ്കൂളുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. പരീക്ഷകൾക്ക് ബിരുദം അടിസ്ഥാന യോഗ്യത</u>

*765 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില തസ്തികകളിലേയ്ക്ക് അപേക്ഷിക്കാൻ ബിരുദ പരീക്ഷയുടെ മാർക്ക് പി.എസ്.സി മാനദണ്ഡമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തസ്തികകൾക്കാണ് ഇങ്ങനെ മാനദണ്ഡം നിശ്ചയിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പരമ്പരാഗത വിഭാഗങ്ങൾക്ക് മത്സ്യബന്ധനാവകാശവും</u>
<u>പ്രാഥമിക വില്പനാവകാശവും</u>

*766 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരത്തു നിന്നും സമുദ്രാതിർത്തിയായി വേർതിരിച്ചിട്ടുള്ള ടെറിട്ടോറിയൽ കണ്ടിഗ്വസ് മേഖലകളിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം നിയമപരമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യമേഖലയിലെ ചൂഷണവും അരക്ഷിതാവസ്ഥയും ഒഴിവാക്കുന്നതിന് മത്സ്യബന്ധനാവകാശവും പ്രാഥമിക വില്പനാവകാശവും പരമ്പരാഗത വിഭാഗക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

## അട്ടപ്പാടി പാക്കേജ് സംബന്ധിച്ച ഉന്നതല യോഗം

*767 ശ്രീ. എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
,, സി. കൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി പാക്കേജിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഉന്നതതല യോഗം വിളിച്ചു ചേർക്കുകയുണ്ടായോ;

(ബി) പ്രസ്തുത യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി; യോഗതീരുമാനങ്ങൾ വിശദമാക്കാമോ;

(സി) മുൻ സർക്കാർ നിയോഗിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുളള കമ്മിറ്റിയുടെ റിപ്പോർട്ട് യോഗം പരിഗണിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ആയത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിക്കുകയുണ്ടായി;

(ഇ) അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി സംബന്ധമായി നിലവിൽ കോടതികളിൽ പരിഗണനയിലിരിക്കുന്ന കേസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

പുഞ്ചികമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ

*768 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എളമരം കരീം
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിക്കാൻ നിശ്ചയിക്കപ്പെട്ട പുഞ്ചികമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ ;

(ബി) ഇതിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) യു.പി.എ. മിനിമം പരിപാടിയിൽ സാമൂഹ്യമേഖലാ നിക്ഷേപം വർദ്ധിപ്പിക്കാൻ സംസ്ഥാനങ്ങളെ പ്രാപ്തമാക്കും വിധത്തിൽ സംസ്ഥാനങ്ങളുടെ വായ്പാഭാരം ഇല്ലാതാക്കുന്നതിന് കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള സമീപനം സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഗണനാ വിഷയമായി കേന്ദ്ര സർക്കാർ എടുത്ത് പറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മത്സ്യമേഖലയിലെ കേന്ദ്രപദ്ധതികളുടെ പ്രവർത്തനം</u>

*769 ശ്രീ. പി. കെ. ഗുരുദാസൻ
'' ജി. സുധാകരൻ
'' എസ്. ശർമ്മ
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; പദ്ധതികളുടെ ലക്ഷ്യവും നടന്ന പ്രവൃത്തികളും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) പുതുതായി കേന്ദ്രസഹായത്തിനായി സമർപ്പിച്ച പദ്ധതികളും അംഗീകാരം ലഭിച്ചവയും സംബന്ധിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>"റെന്റ് എ കാർ" സംവിധാനം</u>

*770 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "റെന്റ് - എ - കാർ" സംവിധാനം സാമൂഹ്യവിരുദ്ധരും വാടകകൊലയാളികളും ദുരുപയോഗപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നിരീക്ഷിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ആഭ്യന്തരവകുപ്പ് നടത്തുന്നുണ്ടോ;

(സി) ക്രിമിനലുകളും, മോഷ്ടാക്കളും റെന്റ് - എ - കാർ സംവിധാനം ദുരുപയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>സ്ഥിരം കുറ്റവാളികളെ തിരിച്ചറിയാൻ സംവിധാനം</u>

*771 ശ്രീ. എം. എ. വാഹിദ്
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ തിരിച്ചറിയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) ഇതിനായി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത ഡേറ്റാബാങ്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ലോകായുക്തയുടെ മുൻപാകെയുള്ള തീർപ്പാകാത്ത കേസുകൾ</u>

*772 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ.എം. ആരിഫ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയുടെ മുൻപാകെ നിലവിൽ എത്ര കേസുകൾ തീർപ്പാക്കാനായി ബാക്കി നിൽപ്പുണ്ടെന്ന് അറിയിക്കുമോ;

(ബി) ലോകായുക്തയുടെ ഏതെങ്കിലും അധികാരാവകാശങ്ങൾ എടുത്തുകളയണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഏതെങ്കിലും കേസുമായി ബന്ധപ്പെട്ട് ഏതെങ്കിലും മന്ത്രിമാർ ഹാജരാകണമെന്ന് ലോകായുക്ത ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് കേസിൽ;

(ഡി) കേസിന് ആധാരമായ വിഷയം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ ആനുകൂല്യങ്ങൾ</u>

*773 ശ്രീ. എം. ഹംസ
,, എസ്. രാജേന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് ഏറ്റവും ഒടുവിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ;

(ബി) നിലവിലുള്ള ഏതെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ ഉത്തരവിലൂടെ വേണ്ടെന്ന് വച്ചിരിക്കുന്നത്;

(സി) ഏജന്റുമാർക്ക് ലഭിച്ചുവന്നിരുന്ന അലവൻസുകളിലും ബോണസിലും വരുത്തിയ മാറ്റം എന്താണ്?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>റവന്യൂ കുടിശ്ശിക</u>

*774 ശ്രീ. സി. കൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ റവന്യൂ കുടിശ്ശിക വിശദമാക്കാമോ ; ഇവ ഏതെല്ലാം വിഭാഗങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(സി) റവന്യൂ കുടിശ്ശിക ഈടാക്കാനുള്ള ഏതെങ്കിലും നടപടിക്ക് സ്റ്റേ നൽകുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര കേസ്സുകൾക്ക് സ്റ്റേ നൽകി ;

(ഡി) റവന്യൂ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിലൂടെ റവന്യൂ കമ്മി ഇല്ലാതാകുമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ചു കൊണ്ടു പോകുന്നതിനെതിരെ നടപടി</u>

*775 ശ്രീ. പി.കെ ബഷീർ
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ച് അപകടകരമാകുന്ന വിധത്തിൽ കൊണ്ടു പോകുന്നത് പതിവായിട്ടും അതിനെതിരെ നടപടിയുണ്ടാകത്തതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(ബി) നിരവധി അപകടങ്ങളുണ്ടായിട്ടും പോലീസ് ശുഷ്ക്കാന്തിയോടെ ഈ വിഷയത്തിൽ ഇടപെടാതിരിക്കുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോ ;

(സി) ഇനിയുമൊരപകടമുണ്ടാകും മുമ്പ് ഇക്കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കബോട്ടാഷ് നിയമത്തിൽ ഇളവ്</u>

*776 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകണമെന്ന അപേക്ഷ എന്നാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്ത് മറുപടിയാണ് ലഭിച്ചത്; വ്യക്തമാക്കാമോ;

(ബി) മൂന്നു വർഷത്തേയ്ക്ക് ഇളവ് അനുവദിക്കണമെന്ന് ആസൂത്രണ കമ്മീഷൻ നേരത്തെ ശുപാർശ നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ശുപാർശയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും എന്ത് മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ നിയമത്തിൽ ഇളവ് നൽകാത്തതിനാൽ ഇന്ത്യൻ തുറമുഖങ്ങളിലെത്തുന്ന കണ്ടെയ്നറുകളുടെ ഭൂരിഭാഗവും കോളംബോ ഉൾപ്പെടെയുള്ള വിദേശ ട്രാൻസ്ഷിപ്മെന്റ് ടെർമിനലുകൾ കൈകാര്യം ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പഴക്കമുള്ള ട്രഷറി ഓഫീസുകളുടെ നവീകരണം</u>

*777 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴക്കമുള്ള ട്രഷറി ഓഫീസുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും പഴക്കമുള്ള ട്രഷറികൾ ഏതെല്ലാമെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>യുവാക്കളിലെ മദ്യാസക്തി നിയന്ത്രിക്കുന്നതിന് നടപടി</u>

*778 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവാക്കളിലെ മദ്യാസക്തി നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രായപൂർത്തിയായ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് വെട്ടിക്കുറിച്ചിട്ടുണ്ടോ; എങ്കിൽ എത്രകണ്ട് വെട്ടിക്കുറച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഡ്രൈഡേയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ദിവസങ്ങളാണ് പുതുതായി ഡ്രൈഡേയായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ഇ) സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ ജനങ്ങളിലെ മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ട്രാഫിക് റെഗുലേറ്ററി സെന്ററുകൾ

*779 ശ്രീ. അൻവർ സാദത്ത്
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക്ക് റെഗുലേറ്ററി സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയപാതയിലും സ്റ്റേറ്റ് ഹൈവേയിലും അപകടങ്ങൾ കുറയ്ക്കുവാനും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നു എന്നുറപ്പു വരുത്തുവാനും എന്തെല്ലാം ചുമതലകളാണ് ഈ സെന്ററുകൾക്ക് നൽകിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഈ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മത്സ്യ വിഹാര പ്രജനന പ്രദേശങ്ങൾ സംരക്ഷിക്കാൻ നടപടി</u>

*780 ശ്രീ. കെ. അജിത്
,, വി. എസ്. സുനിൽ കുമാർ
,, കെ. രാജു
ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിഹാര പ്രജനന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജല മലിനീകരണം തടഞ്ഞ് പ്രകൃതി സംതുലനാവസ്ഥ നിലനിർത്തി മത്സ്യ ഉൽപ്പാദന വർദ്ധനവുണ്ടാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂലൈ 14.